പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1766 26-10-2026-ൽ മറുപടിയ്ക്ക്

മുൻ മുഖ്യമന്ത്രിയുടെ ഉപദേശകരുടെ നിയമനവും അനുബന്ധ ചെലവുകളും.

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. പി. കെ. ഫിറോസ്	ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

(എ) മുൻ സർക്കാരിന്റെ ഭരണകാലയളവിൽ മുഖ്യമന്ത്രിയുടെ ഉപദേശകരായും വിവിധ വിഷയങ്ങളിൽ ഉപദേശക ചുമതല വഹിക്കുന്നവരായും ആകെ എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഓരോരുത്തരുടെയും പേര്,നിയമന കാലയളവ്, ചുമതലപ്പെടുത്തിയ വിഷയം, നിയമനത്തിന്റെ അടിസ്ഥാനത്തിലുള്ള ഉത്തരവിന്റെ നമ്പറും തീയതിയും എന്നിവ ലഭ്യമാക്കുമോ;

മറുപടി: വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(ബി) പ്രസ്തുത ഉപദേശകരുടെ നിയമനവുമായി ബന്ധപ്പെട്ട് അവർക്ക് അനുവദിച്ച ശമ്പളം, ഓണറേറിയം,യാത്രാബത്ത,ദിനബത്ത,മറ്റ് ആനുകൂല്യങ്ങൾ എന്നിവയിനത്തിൽ സംസ്ഥാന സർക്കാർ ആകെ ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ; ഓരോ ഉപദേശകന്റെയും പേരിൽ ചെലവഴിച്ച തുക ഇനംതിരിച്ച് ലഭ്യമാക്കാമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) ഓരോ ഉപദേശകനും ഔദ്യോഗിക ആവശ്യങ്ങൾക്കായി സർക്കാർ വാഹനം അനുവദിച്ചിരുന്നോ; ഉണ്ടെങ്കിൽ വാഹനത്തിന്റെ പേര്,രജിസ്ട്രേഷൻ നമ്പർ,അനുവദിച്ച കാലയളവ്,വാഹനം സർക്കാർ ഉടമസ്ഥതയിലുള്ളതാണോ വാടകയ്ക്കെടുത്തതാണോ, വാഹനത്തിന്റെ ഇന്ധനം,അറ്റകുറ്റപ്പണി,വാടക എന്നിവയ്ക്കായി ചെലവഴിച്ച തുക എന്നിവ ഉപദേശകൻ തിരിച്ചുള്ള പട്ടികയായി ലഭ്യമാക്കാമോ; പ്രസ്തുത വാഹനങ്ങളിൽ ഡ്രൈവർമാരെ നിയമിച്ചിരുന്നോ; ഉണ്ടെങ്കിൽ അവരുടെ നിയമനരീതി,ശമ്പളം നൽകുന്ന വകുപ്പ്/സ്ഥാപനം,ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ഉൾപ്പെടെയുള്ള ചെലവുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(ഡി) ഓരോ ഉപദേശകനും ഔദ്യോഗിക ആവശ്യങ്ങൾക്കായി ഓഫീസ് സൗകര്യം അനുവദിച്ചിരുന്നോ; ഉണ്ടെങ്കിൽ ഓഫീസിന്റെ സ്ഥലം,അനുവദിച്ച കാലയളവ്,വാടക, വൈദ്യുതി,മറ്റ് പരിപാലന ചെലവുകൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; കൂടാതെ ഓരോ ഉപദേശകന്റെയും ഓഫീസിൽ ജീവനക്കാരെ അനുവദിച്ചിരുന്നോ; ഉണ്ടെങ്കിൽ ജീവനക്കാരുടെ തസ്തിക,എണ്ണം,നിയമനരീതി,ശമ്പളം,മറ്റ് ആനുകൂല്യങ്ങൾ എന്നിവയുടെ വിശദാംശങ്ങളും

ഉപദേശകരുടെ നിയമനം മുതൽ കാലാവധി അവസാനിക്കുന്നതുവരെയുള്ള ആകെ സർക്കാർ ചെലവും വ്യക്തമാക്കാമോ?

<u>മറുപടി:</u> മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ